# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 5774 — 05.07.13 ൽ - മറുപടിക്ക്

## വിജിലൻസ് കമ്മിറ്റികളുടെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം. എ. വാഹീദ് ;<br>,, ബെന്നി ബെഹനാൻ ;<br>,, കെ. ശിവദാസൻ നായർ ;<br>,, ജോസഫ് വാഴക്കൻ : | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) സിവിൽ സപ്ലൈസ് വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി രൂപീകരിച്ച വിജിലൻസ് കമ്മിറ്റികളുടെ പ്രവർത്തനം വിശദമാക്കാമോ ; | (എ) പൊതുവിതരണ രംഗം കൂടുതൽ കാര്യക്ഷമമാക്കാനും സുതാര്യമാക്കാനും ഗുണനിലവാരം ഉറപ്പു വരുത്താനുമുള്ള തീരുമാനത്തിന്റെ ഭാഗമായാണ് ഭക്ഷ്യോപദേശക വിജിലൻസ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുള്ളത്. സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്ഥാപനങ്ങളോടനുബന്ധിച്ചും ഭക്ഷ്യോപദേശക വിജിലൻസ് കമ്മിറ്റികൾ പ്രവർത്തിച്ചുവരുന്നുണ്ട്. നിലവിലുള്ള സർക്കാർ ഉത്തരവ് പ്രകാരം നിയമസഭയിൽ പ്രാതിനിധ്യമുളള രാഷ്ട്രീയ പാർട്ടികൾ, ജനപ്രതിനിധികൾ, പൊതുവിതരണ വകുപ്പ്, ലീഗൽ മെട്രോളജി, ഹെൽത്ത്, റവന്യൂ, പോലീസ്, പഞ്ചായത്ത് എന്നീ വകുപ്പുകൾ ഇവയുടെ പ്രവർത്തനവുമായി സഹകരിക്കുന്നുണ്ട്. പഞ്ചായത്ത്/മുൻസിപ്പാലിറ്റി, താലൂക്ക്, ജില്ല, സംസ്ഥാന തലങ്ങളിൽ ഭക്ഷ്യോപദേശ വിജിലൻസ് കമ്മിറ്റികൾ പ്രവർത്തിച്ചു വരുന്നു. കമ്മിറ്റികളിൽ ഉന്നയിക്കപ്പെടുന്ന പരാതികൾ ബന്ധപ്പെട്ട അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരം കാണുന്നുണ്ട്. |
| (ബി) റേഷൻ സാധനങ്ങളുടെ വിതരണത്തിൽ എന്തെങ്കിലും ക്രമക്കേടുകൾ നടന്നിട്ടുള്ളതായി വിജിലൻസ് കമ്മിറ്റികൾ കണ്ടെത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ ; | (ബി) ഇതു സംബന്ധിച്ച് റിപ്പോർട്ടുകൾ സർക്കാരിൽ ലഭിച്ചിട്ടില്ല. |
| (സി) എങ്കിൽ എന്തെല്ലാം തുടർനടപടികളാണ് ഇതിന്മേൽ സ്വീകരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | (സി) കമ്മിറ്റികൾ കണ്ടെത്തുന്ന ക്രമക്കേടുകളിന്മേൽ 1966 ലെ കേരള റേഷനിംഗ് ഓർഡർ പ്രകാരമുളള ശിക്ഷാ നടപടികൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സ്വീകരിച്ച് കമ്മിറ്റിയെ അറിയിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ